"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - പത്തനംതിട്ട ജില്ലയിലെ വടശ്ശേരിക്കര ഗ്രാമപഞ്ചായത്തിലെ മുൻ സെക്രട്ടറി ശ്രീ.കെ ഗോപിക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കിയതിനെതിരെ സമർപ്പിച്ചിരുന്ന അപ്പീൽ അപേക്ഷ തീർപ്പാക്കിയത് - ശ്രീ.കെ ഗോപി സമർപ്പിച്ച പുനഃപരിശോധന ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1050/2026/LSGD തീയതി,തിരുവനന്തപുരം,23-05-2026

---

പരാമർശം:-

1. സ.ഉ.(സാധാ)നം. 2203/2019/ത.സ.ഭ.വ തീയതി 05/10/2019.
2. ശ്രീ.കെ ഗോപി സമർപ്പിച്ച 18/05/2020 ലെ അപ്പീൽ അപേക്ഷ
3. സ.ഉ.(സാധാ) നം.1387/2023/LSGD തീയതി, 06-07-2023
4. ശ്രീ.കെ ഗോപി സമർപ്പിച്ച 31/07/2023 ലെ പുനപരിശോധന ഹർജി.

**<u>ഉത്തരവ്</u>**

പത്തനംതിട്ട ജില്ലയിലെ നാറാണംമൂഴി ഗ്രാമ പഞ്ചായത്തിൽ പാറ ഖനനത്തിനും, ക്രഷർ യൂണിറ്റിനും, പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന് വിപരീതമായി 4.11.2014 മുതൽ 18.12.2014 വരെ സെക്രട്ടറിയുടെ അധിക ചുമതലയുണ്ടായിരുന്ന വടശ്ശേരിക്കര പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ.കെ.ഗോപി അനുമതി നൽകി എന്ന വിജിലൻസ് അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ.കെ ഗോപിക്കെതിരായി സർക്കാർ തലത്തിൽ ആരംഭിച്ചിരുന്ന അച്ചടക്ക നടപടി ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്ന് 500/- രൂപാ വീതം 3 വർഷത്തേയ്ക്ക് കുറവു ചെയ്യുവാൻ തീരുമാനിച്ച് പരാമർശം(1) പ്രകാരം ഉത്തരവായിരുന്നു. അച്ചടക്ക നടപടി തീർപ്പാക്കിയ പ്രസ്തുത ഉത്തരവിനെതിരെ ശ്രീ.കെ ഗോപി പരാമർശം (2) പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിക്കുകയും പ്രസ്തുത അപ്പീൽ പരിശോധിച്ച് ശിക്ഷയിൽ ഇളവു വരുത്തി ടിയാളുടെ പെൻഷനിൽ നിന്ന് പ്രതിമാസം 500/- രൂപാ വീതം 3 വർഷത്തേയ്ക്ക് കുറവു ചെയ്യാമെന്ന തീരുമാനം പുനഃപരിശോധിച്ച് ആയത് പെൻഷനിൽ നിന്ന് പ്രതിമാസം 500/- രൂപ ഒരു വർഷത്തേയ്ക്ക് കുറവു ചെയ്യാവുന്നതാണെന്ന് തീരുമാനിച്ച് പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. പരാമർശം (3) ഉത്തരവിൽ ടിയാനെതിരെയുള്ള കാരണം കാണിക്കൽ നോട്ടീസിൽ ഉൾപ്പെടുത്താത്ത മറ്റൊരു കുറ്റം ചുമത്തിയാണ്

പുതുക്കിയ ഉത്തരവ് പുറപ്പെടുവിച്ചതെന്നാരോപിച്ച് പ്രസ്തുത ഉത്തരവിനെതിരെ ശ്രീ.കെഗോപി പരാമർശം (4) പ്രകാരം പുനപരിശോധന ഹർജി സമർപ്പിക്കുകയുണ്ടായി. അച്ചടക്ക നടപടിക്ക് ആധാരമായ വിഷയവുമായി ബന്ധപ്പെട്ട് **4.11.2014** മുതൽ **18.12.2014** വരെയുള്ള കാലയളവിലെ പഞ്ചായത്ത് കമ്മിറ്റി മിനിറ്റ്സ് ബുക്ക്, മീറ്റിംഗ് നോട്ട് ബുക്ക്, അജണ്ട രജിസ്റ്റർ കൂടാതെ ലൈസൻസുമായി ബന്ധപ്പെട്ട ഫയലുകൾ എന്നിവ നാറാണംമൂഴി ഗ്രാമപഞ്ചായത്ത് ആഫീസിൽ ലഭ്യമല്ലാതിരുന്നത് തന്റെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിലെ വീഴ്ചയായി പ്രസ്തുത ഉത്തരവിൽ കണ്ടെത്തിയിരിക്കുന്നുവെന്നും എന്നാൽ ഇപ്രകാരം ഒരു കുറ്റാരോപണം തനിക്കെതിരെയുള്ള കാരണം കാണിക്കൽ നോട്ടീസിൽ ഉണ്ടായിരുന്നില്ലെന്നും ആയതിനാൽ പ്രസ്തുത കുറ്റാരോപണം ഒഴിവാക്കി തന്നെ കുറ്റവിമുക്തനാക്കണമെന്നുമായിരുന്നു പുനപരിശോധന അപേക്ഷയിൽ ശ്രീ.കെ ഗോപി ഉന്നയിച്ചിരുന്ന വാദം.

**2.** ശ്രീ.കെ ഗോപിയുടെ പുനപരിശോധന ഹർജിയിലെ വാദം, ടിയാനെതിരെ സ്വീകരിച്ചിരുന്ന അച്ചടക്ക നടപടിയുമായി ബന്ധപ്പെട്ട വിവിധ രേഖകളുടെ അടിസ്ഥാനത്തിൽ സർക്കാർ വിശദമായി പരിശോധിച്ചു. ശ്രീ.കെ ഗോപിക്കെതിരായ അച്ചടക്ക നടപടിയുടെ ഭാഗമായ ഔപചാരിക അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയ റിപ്പോർട്ടിലെ *"**4.11.2014** മുതൽ **18.12.2014** വരെയുള്ള കാലയളവിലെ പഞ്ചായത്ത് കമ്മിറ്റി മിനിട്ട് ബുക്ക്, മീറ്റിംഗ് നോട്ടീസ് ബുക്ക്, അജണ്ട രജിസ്റ്റർ കൂടാതെ, ലൈസൻസുമായി ബന്ധപ്പെട്ട ഫയലുകൾ നാറാണംമൂഴി ഗ്രാമപഞ്ചായത്ത് ഓഫീസിൽ ലഭ്യമല്ലാതിരുന്നതിനാൽ ടി വിഷയത്തിലുള്ള വസ്തുതകൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലാത്തതാണ് "* എന്ന ഭാഗം വ്യാഖ്യാനം ചെയ്തതിൽ സംഭവിച്ച പിഴവ് മൂലമാണ് പരാമർശം (3) ഉത്തരവിൽ *"**4.11.2014** മുതൽ **18.12.2014** വരെയുള്ള കാലയളവിലെ പഞ്ചായത്ത് കമ്മിറ്റി മിനിട്ട് ബുക്ക്, മീറ്റിംഗ് നോട്ടീസ് ബുക്ക്, അജണ്ട രജിസ്റ്റർ കൂടാതെ, ലൈസൻസുമായി ബന്ധപ്പെട്ട ഫയലുകൾ നാറാണംമൂഴി ഗ്രാമപഞ്ചായത്താഫീസിൽ ലഭ്യമല്ലാതിരുന്നത് ഔദ്യോഗിക കൃത്യനിർവ്വഹണത്തിലെ വീഴ്ചയായി കാണാവുന്നതാണ്"* എന്ന് ഉൾപ്പെട്ടിരുന്നതെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. എന്നാൽ, ശ്രീ.കെ ഗോപിക്കെതിരായ അച്ചടക്ക നടപടിയുടെ ഭാഗമായിട്ടുള്ള ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ അച്ചടക്ക നടപടിക്ക് ആധാരമായ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ശ്രീ.കെ ഗോപി പൂർണ്ണമായും കുറ്റവിമുക്തനാണെന്ന് കാണുവാൻ സാധിക്കുന്നില്ല എന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിലും പരാമർശം (2) പ്രകാരമുള്ള ടിയാന്റെ അപ്പീൽ അപേക്ഷ പരിഗണിച്ച് ടിയാന് നൽകിയിരുന്ന ശിക്ഷയിൽ ഇളവ് ചെയ്ത് പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ച സാഹചര്യത്തിലും ടിയാനെതിരെ സ്വീകരിച്ചിരുന്ന അച്ചടക്ക നടപടിയിൽ നിന്നും ടിയാനെ കുറ്റവിമുക്തനാക്കണമെന്ന പുനപരിശോധന ഹർജിയിലെ വാദം പരിഗണിഗണനാർഹമല്ലെന്ന് ബോധ്യമായിട്ടുള്ളതാണ്.

3. മേൽ സാഹചര്യത്തിൽ പരാമർശം (3) ഉത്തരവിലെ 7-ാമത്തെ ഖണ്ഡികയിലെ "4.11.2014 മുതൽ 18.12.2014 വരെയുള്ള കാലയളവിലെ പഞ്ചായത്ത് കമ്മിറ്റി മിനിട്ട് ബുക്ക്, മീറ്റിംഗ് നോട്ടീസ് ബുക്ക്, അജണ്ട രജിസ്റ്റർ കൂടാതെ, ലൈസൻസുമായി ബന്ധപ്പെട്ട ഫയലുകൾ നാറാണംമൂഴി ഗ്രാമപഞ്ചായത്താഫീസിൽ ലഭ്യമല്ലാതിരുന്നത് ഔദ്യോഗിക കൃത്യനിർവ്വഹണത്തിലെ വീഴ്ചയായി കാണാവുന്നതാണ് " എന്ന പരാമർശം ഒഴിവാക്കി ടി ഉത്തരവ് ഭേദഗതി ചെയ്ത് പരാമർശം (4) പുനപരിശോധന ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. മേൽ ഭേദഗതിയോടെ പരാമർശം (3) സർക്കാർ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജോൺ വി സാമുവൽ ഐ എ എസ്
അഡിഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ ,തദ്ദേശ സ്വയംഭരണ വകുപ്പ് ,തിരുവനന്തപുരം.
2. ശ്രീ.കെ ഗോപി, മുൻ സെക്രട്ടറി ,നാറാണംമൂഴി ഗ്രാമ പഞ്ചായത്ത്, പത്തനംതിട്ട (*തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).*
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
4. തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ, പത്തനംതിട്ട.
5. വിവര,പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് .
6. കരുതൽ ഫയൽ /ഓഫീസ് കോപ്പി (*ഫയൽ നം.EPB2/43/2021-LSGD)*

ഉത്തരവിൻ പ്രകാരം
Signed by
Riju M Das
Date: 29-05-2026 12:57:30